ഹയർ സെക്കൻററി വിദ്യാഭ്യാസ

ഡയറകട്റുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം–1

നംബർ. ICT Cell/1771/2 /HSE/2017 29/08/2017

# പ്ലസ്‌വൺ പ്രവേശനം : സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 30 ന് –വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും നാളിതുവരെ പ്രവേശനം ലഭിക്കാത്തവർക്ക് ആവശ്യമെങ്കിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസിയിൽ പ്രവേശനം നേടുന്നതിനായി വേക്കൻസിയുള്ള സ്കൂൾ പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കാൻ ആഗസ്റ്റ് 29 ന് ഉച്ചയ്ക്ക് 3 മണി വരെ സമയം അനുവദിച്ചിരിന്നു.

ഇത്തരത്തിൽ സ്കൂളുകളിൽ സമർപ്പിച്ച അപേക്ഷകൾ കേന്ദ്രീകൃതമായി പരിഗണിച്ച് മെരിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറക്കി അഡ്മിഷൻ വെബ്സൈറ്റിൽ (www.hscap.kerala.gov.in) ആഗസ്റ്റ് 30 ന് രാവിലെ 9 മണിക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

അഡ്മിഷൻ ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള സ്കൂൾ/കോഴ്സ്, റാങ്ക് ലിസ്റ്റിലൂടെ മനസ്സിലാക്കി അപേക്ഷകർ രക്ഷകർത്താക്കളോടൊപ്പം പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്കൂളിൽ **ആഗസ്റ്റ് 30 ന് രാവിലെ 10 മണിമുതൽ 12 മണിക്കു മുമ്പായി വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന രണ്ട് പേജുള്ള CANDIDATE'S RANK റിപ്പോർട്ട് , യോഗ്യതാ സർട്ടിഫിക്കറ്റ് , വിടുതൽ സർട്ടിഫിക്കറ്റ് , സ്വഭാവ സർട്ടിഫിക്കറ്റ് ,അപേക്ഷയിൽ ബോണസ് പോയിൻറ് ലഭിക്കുന്നതിന് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ അസ്സൽ രേഖകളും, ഫീസുമായി പ്രവേശനത്തിനായി സ്കൂളിൽ റിപ്പോർട്ട് ചെയ്യണം.** ഇത്തരത്തിൽ ഹാജരാകുന്ന വിദ്യാർത്ഥികളുടെ യോഗ്യതാ മെരിറ്റ് മാനദണ്ഡങ്ങൾ റാങ്ക് ലിസ്റ്റിൻെറ സഹായത്തോടെ അതത് സ്കൂൾ പ്രിൻസിപ്പൽമാർ ഉറപ്പാക്കി പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്ക് തുല്യമായ സീറ്റുകളിൽ അന്നേ ദിവസം 12 മണിക്ക് ശേഷം ഉച്ചയ്ക്ക് 1 മണിക്കുള്ളിൽ പ്രവേശനം പൂർത്തിയാക്കുന്നതാണ്.

**ഡയറക്ടർ**